# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## നരിപ്പറ്റ ഗ്രാമപഞ്ചായത്ത്

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം
e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി.17/256/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.inഫോൺ:
തീയതി:13.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നരിപ്പറ്റ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നരിപ്പറ്റ ഗ്രാമപഞ്ചായത്ത്-2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ക്കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.
(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1.കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3.കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി17/256/2019 തീയതി: 13.03.2019

# കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.09.2017 മുതൽ 8.2.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീഷ് മാവേലിപുത്തൻ വീട്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-02-2019 മുതൽ 13-02-2019 വരെ<br>18-2-2019 മുതൽ 25-02-2019 വരെ |

| | | |
|---|---|---|
| നടത്തിയ ഓഡിറ്റ് ഉദ്യോഗസ്ഥർ | ശ്രീ കെ.സതീഷ് കുമാർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ കരുണാകരൻ എം | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ ജാസിർ സി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എ.കെ നാരായണി | 01-4-17മുതൽ 31-03-18വരെ |
| സെക്രട്ടറി | ശ്രീ.ബൈജു ജോസ് | 01-04-17മുതൽ 31-03-18 വരെ |

നിർവ്വഹണോദ്യാഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എം.എം വാസു | 01-04-17 മുതൽ 31-03-2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ഡേവിഡ് എബ്രഹാം | 01-04-17 മുതൽ 18-11-2017വരെ |
| | | ഡോ.ദിൽവേദ് ആർ.എസ് | 19-11-17 മുതൽ 01-01-2018 വരെ |
| | | ഡോ.റീന കെ | 02-01-18 മുതൽ 31-03-18 വരെ |
| 3 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ലവീന | 01-04-17 മുതൽ 31-03-18 വരെ |
| 4 | മെഡിക്കൽ ഓഫീസർ (പി എച്ച്.സി) | ഡോ.ഗ്രീഷ്മ പ്രിയ | 01-04-17 മുതൽ 31-10-17 വരെ |
| | | ഡോ.രമ്യ പത്മനാഭൻ | 1-11-17 മുതൽ 31-03-18 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) | ഡോ.രമേശൻ കെ.പി | 01-04-17 മുതൽ 31-03-18 വരെ |
| 6 | ഹെഡ് മാസ്റ്റർ | ശ്രീ.കുഞ്ഞിരാമൻ. | 01-04-17 മുതൽ |

| | | | |
|---|---|---|---|
| | | | 01-06-17 വരെ |
| | | ശ്രീ.ബാബു .കൊപ്രക്കളത്തിൽ (ഹെഡ് മാസ്റ്റർ ഇൻ ചാർജ്) | 02-06-17 മുതൽ 06-07-17 വരെ |
| | | ശ്രീ.സാരംഗ് നാരായണൻ | 07-07-17 മുതൽ 31-03-18 വരെ |
| 7 | കൃഷി ഓഫീസർ | ശ്രീ.പ്രമോദ് എസ് | 1-04-2017 മുതൽ 18-12-17 വരെ |
| | | ശ്രീമതി.അഞ്ജലി കൃഷ്ണ | 19-12-17 മുതൽ 31-03-18 വരെ |
| 8 | വി ഇ ഒ | ശ്രീ.സാബു എ (തിന്നൂർ സർക്കിൾ) | 01-04-17മുതൽ 31-03-18 വരെ. |
| | | ശ്രീ.ജിമ്മി ദാസ് വൈ (നരിപ്പറ്റ സർക്കിൾ) | 01-04-17 മുതൽ 20-05-17 വരെ |
| | | ശ്രീ.സാബു എ (നരിപ്പറ്റ സർക്കിൾ അധികചുമതല) | 21-05-17 മുതൽ 24-05-17 വരെ |
| | | ശ്രീമതി ശ്രീജ എ.ആർ (നരിപ്പറ്റ സർക്കിൾ) | 25-05-17 മുതൽ 31-03-18 വരെ |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ഹരീഷ് കുമാർ കെ.പി | 01-04-17 മുതൽ 12-07-17 വരെ |
| | | ശ്രീമതി.ഷബീല കെ | 13-07-17 മുതൽ |

| | | | |
|---|---|---|---|
| | | | 21-12-17 വരെ |
| | | ശ്രീ.പ്രമോദ്.പി | 22-12-17 മുതൽ<br>07-02-18 വരെ |
| | | ശ്രീ.അരുൺ സേവ്യർ | 08-02-2018 മുതൽ<br>31-03-2018 വരെ |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ലൌലി മാത്യു | 01-04-2017 മുതൽ<br>31-03-2018 വരെ |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ അഹമ്മദ് നവാസ് | 01-04-17 മുതൽ<br>31-03-18 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ജസിതാ റഹ്മാൻ | 01.04.2017 മുതൽ<br>31.03.2018 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം ( ACR പ്രകാരം ) | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | |
| | ഭാഗം - 2 | |
| 13 | ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ | 2-1 |
| 14 | തൊഴിൽ നികുതി അപാകതകൾ | 2-2 |
| 15 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 2-3 |
| 16 | ബിൾഡിംഗ് പേർമിറ്റ് അപാകതകൾ | 2-4 |
| 17 | സഞ്ചയ സോഫ്റ്റ്‌വെയറിലെ സാങ്കേതിക പ്രശ്നങ്ങൾ | 2-5 |
| | ഭാഗം - 3 | |
| 18 | മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ വീഴ്ച്ച വിവധ ഫണ്ടിനങ്ങളിലായി വകയിരുത്തിയ വൻ തുക പാഴായി | 3-1 |

| | | |
|---|---|---|
| 19 | കൈവേലി മാഞ്ചൽ റോഡ് - മുൻവർഷം ടാർ കൈപ്പറ്റിയ കാറാറുകാരൻ പ്രവൃത്തി പൂ ർത്തതീകരിച്ചില്ല. | 3-2 |
| 20 | മരാമത്ത് പ്രവൃത്തികളുടെ കരാർ വെക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല. | 3-3 |
| 21 | മരാമത്ത് പ്രവൃത്തികളുടെ ഫയൽ സൂക്ഷിപ്പിൽ അപാകത | 3-4 |
| 22 | കൃഷി ഓഫീ,ർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 3-5 |
| 23 | ആവശ്യമായ രേഖകൾ ഹാജരാക്കാതെ ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്ടുകളിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്തു. | 3-6 |
| 24 | തെരുവ് വിളക്ക് റിപ്പയർ/സ്ഥാപിക്കൽ - പ്രോജക്ട് നടപ്പിവലാക്കിയതിൽ അപാകത | 3-7 |
| 25 | പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യൽ - പ്രോജക്ട് സർക്കാർ മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധം | 3-8 |
| 26 | പണി പൂർത്തീകരിക്കാത്ത വയോജന വിശ്രമ കേന്ദ്രത്തിന് വേണ്ടി ടി.വി, ഫർണീച്ചർ വാങ്ങി. | 3-9 |
| 27 | തെരുവ് വിളക്ക് സ്ട്രീറ്റ് മെയിൻ, മീറ്റർ സ്ഥാപിക്കൽ - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 3-10 |

| | | |
|---|---|---|
| 28 | പട്ടിക വർഗ്ഗ വിവാഹ ധനസഹായം വിതരണം ചെയ്യതിൽ അപാകത | 3-11 |
| 29 | പൊതു ടാപ്പുകളുടെ വെള്ളക്കരം - തുക അടവാക്കുന്നതിൽ അപാകത | 2-12 |
| 30 | മുൻകൂർ ക്രമീകരിക്കാതെ അവശേഷിക്കുന്നു. | 3-13 |
| 31 | പുതുക്കിയ. ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നില്ല. | 3-14 |
| 32 | വി.ഇ.ഒ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 3-15 |
| 33 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് - ജില്ലാ പഞ്ചായത്ത് വിഹിതം വിനിയോഗിച്ചില്ല. | 3-16 |
| 34 | കറവപ്പശു വിതരണം (വനിതകൾക്ക്) - വരുമാനം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല. | 3-17 |
| 35 | ദൈശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-18 |
| 36 | ആശ്രയ പ്രോജക്ട് - ലക്ഷ്യം കൈവരിച്ചില്ല. | 3-19 |
| | ഭാഗം - 4 | |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 44 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 47 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം - 1 |



# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 ബജറ്റ്

20.03.2017 തീയതിയിലെ 64/2017 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 7.03.2018 തിയതിയിലെ 1/2018 തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച | അപാകത പരിഹരിച്ച് ലഭിച്ച |
|---|---|---|---|

| | | തീയതി | തീയതി |
|---|---|---|---|
| 31.07.2018 | 21.05.2018 | | |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018-23.06.2018 | കെ.എസ്.എ.കെ.കെ.ഡി/ഇ2/ 1111/2018(47)തിയ്യതി.10.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17870027.70 |
| വരവ് | 53189736 |
| ആകെ | 71059763.70 |
| ചെലവ് | 67133245 |
| നീക്കിയിരിപ്പ് | 3926518.70 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 17185000 | 17185000 | 12538617 | 4646383 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 950420 | 950420 | 931390 | 19030 |

<table>
<tr><td colspan="2">വികസന ഫണ്ട്-<br>ടി.എസ്.പി<br>(ACR പ്രകാരം)</td><td>0</td><td>557773</td><td>557773</td><td>542212</td><td>15561</td></tr>
<tr><td colspan="2">മെയിന്റനൻസ്,<br>റോഡ് (ACR പ്രകാരം)</td><td>0</td><td>14268000</td><td>14268000</td><td>9575538</td><td>4692462</td></tr>
<tr><td colspan="2">മെയിന്റനൻസ്,<br>നോൺ-റോഡ്<br>(ACR പ്രകാരം)</td><td>0</td><td>3781000</td><td>3781000</td><td>542984</td><td>3238016</td></tr>
<tr><td colspan="2">സെൻട്രൽ ഫിനാൻസ്<br>കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം)</td><td>0</td><td>8071357</td><td>8071357</td><td>2687522</td><td>5383835</td></tr>
<tr><td colspan="2">കെ.എൽ.എസ്.<br>ജി.ഡി.പി<br>(ACR പ്രകാരം)</td><td>0</td><td>3170217</td><td>3170217</td><td>2795077</td><td>375140</td></tr>
<tr><td colspan="2">സാക്ഷരത</td><td>0</td><td>1943</td><td>1943</td><td>0</td><td>1943</td></tr>
<tr><td colspan="2">ദുരിതാശ്വാസനിധി</td><td>21829</td><td>813</td><td>22642</td><td>0</td><td>22642</td></tr>
<tr><td rowspan="2">എം.ജി.എൻ.<br>ആർ.ഇ.<br>ജി.എസ്</td><td>തൊഴിലാളി<br>കളുടെ കൂലി</td><td>0</td><td>37079759</td><td>37079759</td><td>37079759</td><td>0</td></tr>
<tr><td>അഡ്മിനി<br>സ്ട്രേറ്റീവ്<br>ചെലവ്</td><td>1329</td><td>1283796</td><td>1285125</td><td>1150107</td><td>135018</td></tr>
<tr><td colspan="2">കേന്ദ്രാവിഷ്കൃത ഫണ്ടുകൾ<br>(ഇനം തിരിച്ച് ചേർക്കുക)</td><td colspan="5"></td></tr>
<tr><td colspan="2">ടോട്ടൽ സാനിറ്റേഷൻ<br>ക്യാംപെയിൻ</td><td>334200</td><td>0</td><td>334200</td><td>0</td><td>334200</td></tr>
</table>

| | | | | | | |
|---|---|---|---|---|---|---|
| (സ്വച്ഛ് ഭാരത്) | | | | | | |
| ഐ.സി.ഡി. എസ് പദ്ധതി | | 643971 | 950335 | 1594306 | 701934 | 892372 |
| മറ്റ് ഗവൺമെന്റ് ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 20000 | 200000 | 200000 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 1730000 | 1730000 | 1530000 | 200000 |
| ബി ഫണ്ട് തൊഴിൽ രഹിത വേതനം | | 0 | 184440 | 184440 | 184440 | 0 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | | 0 | 390000 | 390000 | 390000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 12461709 | 9462000 | 21923709 | 13142690 | 8781019 |
| തനത് ഫണ്ട് | കേരള ഗ്രാമീൺ ബേങ്ക് – 9067 | 5245625.7 | 9772737 | 15018362.50 | 11015551 | 4002811.7 |
| | കക്കട്ടിൽ കോ-ഓ. റൂറൽ ബാങ്ക് | 57808 | 4624 | 62432 | 2312 | 60120 |
| | ട്രഷറി അക്കൗണ്ട് | 12461709 | 10996142 | 23457851 | 23989490 | (-)531639 |

| | | | | | |
|---|---|---|---|---|---|
| മറ്റിനം<br>ട്രഷറി സ്പെഷ്യൽ ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 0 | 1930000 | 1930000 | 1730000 | 200000 |
| എസ്.ബി.ടി ഇ – പേയ്മെന്റ് | 193 | 880 | 1073 | 0 | 1073 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 206 | 80165657 | 112 | 35871464 | 3 | 91 | 53.3% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1329 | 1283796 | 1285125 | 11501017 | 135018 |
| ഗുണഭോക്താകൾക്ക് | 0 | 37079759 | 37079759 | 37079759 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 1329 | 38363555 | 38364884 | 48580776 | 135018 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 184440 | 289 |
| കർഷകതൊഴിലാളി പെൻഷൻ | 13482200 | 1175 |
| വിധവാപെൻഷൻ | 11426300 | 978 |
| വാർദ്ധക്യകാലപെൻഷൻ | 12859700 | 1113 |
| വികലാംഗപെൻഷൻ | 3891800 | 328 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 243000 | 19 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 390000 | 13 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.02.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 732/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തര നിയന്ത്രണം

സെക്രട്ടറിയുടെ 22.11.2018 ലെ ഉത്തരവ് നമ്പർ 112/2018 പ്രകാരം ജോലി വിഭജനം നടത്തിയിട്ടുണ്ട്. 3 പാർട്ട് ടൈം ജീവനക്കാർ ഉൾപ്പെടെ സ്ഥാപനത്തിൽ 18 ജീവനക്കാർ ജോലി ചെയ്ത് വരുന്നുണ്ട്. തപാലുകൾ സൂചികയിൽ നിന്നും നമ്പരിട്ട് ലഭിക്കുന്ന മുറയ്ക്ക് സെക്ഷനുകൾക്ക് കൈമാറി നൽകുന്നുണ്ട്. എന്നാൽ പെൻഡിംഗ് തപാലുകളുടെ നിജസ്ഥിതി സൂചികയിൽ ലഭ്യമല്ല. 2018 വർഷം ജീവനക്കാർ ആരും തന്നെ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല. ആയതിനാൽ ഫയലുകളിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിലയിരുത്തുവാൻ സാധിക്കുന്നില്ല.

പഞ്ചായത്തിലെ അറ്റൻഡൻസ് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. 2017-18 വർഷം ഓഫീസ് മീറ്റിംഗുകൾ എല്ലാ മാസവും കൂടിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷവും മീറ്റിംഗുകൾ കൃത്യമായി കൂടുന്നതായി രജിസ്റ്റർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1.ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാര സ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും പട്ടിക വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഈ ലിസ്റ്റ് അപൂർണ്ണമാണ്.

2.സ്യൂട്ട് രജിസ്റ്റർ

പഞ്ചായത്ത് അത്യാവശ്യമായി സൂക്ഷിക്കേണ്ടതായ സ്യൂട്ട് രജിസ്റ്ററിൽ 2008-09 വരെയുള്ള വിവരങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

3.സെക്രട്ടറി, അസി.സെക്രട്ടറി, ഹെഡ്മാസ്റ്റർ, അസി.എഞ്ചിനീയർ എന്നിവർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4.ഓഡിറ്റ് റിക്കവറി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല.

5.റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

## **1-11** മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05/02/2018-08/02/2018 | 12/2017-1/2018 | പി.എ.യു./പി.ബി.എ/എൻ.പി.ടി.എ/04/17-18 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07/10/2002-26/10/2002 | 1997-98 – 2001-02 | 6870/പി.എ.3/2003/എൽ.എസ്.ജി.ഡി തിയ്യതി.13.02.2003 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു

1.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.തൊഴിൽ നികുതി (ട്രേഡേഴ്സ്), കെട്ടിട വാടക എന്നീ ഇനങ്ങളിലെ കുടിശ്ശികയിനത്തിൽ മുൻ വർഷങ്ങളിൽ ലഭിക്കാനവശേഷിക്കുന്ന തുകയുടെ വിശദ വിവരം സ്ഥാപനത്തിൽ ലഭ്യമല്ല.

3.എൻ.ആർ.ഇ.ജി.എ ഇനത്തിൽ 1411196/- രൂപയാണ് പ്രസ്തുത അക്കൗണ്ടിൽ വരവ് വന്നിരിക്കുന്നത്. എന്നാൽ റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം തൻ വർഷം ഈയിനത്തിലുള്ള വരവ് 1283796/- രൂപയാണ് (RP-31 കാണുക). അതേ പോലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം എൻ.ആർ.ഇ.ജി.എ ഇനത്തിൽ ആകെ വരവ്-ചെലവ് 38363555/-രൂപയാണ്. (I-6 &I-40 (a) കാണുക). എന്നാൽ സ്ഥാപനത്തിൽ നിന്നും ലഭ്യമായ കണക്ക് പ്രകാരം തൻവർഷത്തെ യഥാർത്ഥ വരവ് – ചെലവ് 37291415/- രൂപയെന്ന് കാണുന്നു.

4. ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് വേണ്ടി തൻവർഷം പ്രോജക്ട് നമ്പർ 213/2018 പ്രകാരം 377500/- രൂപ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി കെ, എസ്.ഇ.ബി യിൽ നിക്ഷേപിച്ചിട്ടുണ്ട്. ആയത് Advance to Implementing Agencies എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് അപാകതകൾ

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ (G.O(Rt)3291/2016 തീ. 02.12.2016) എന്നിവയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് ബജറ്റ് തയ്യാറാക്കേണ്ടിയിരുന്നത്. ആയത് പൂർണ്ണമായും പാലിക്കപ്പെട്ടിട്ടില്ല.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരുമാനം മുന്നിരിപ്പ് ഉൾപ്പെടെ 208122103/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം 71059763/- രൂപയാണ് വരവ്. ബജറ്റ് വാർഷിക കണക്കുകളുമായി 139980764/- രൂപയുടെ അന്തരം കാണിക്കുന്നുണ്ട്. ബജറ്റ് പ്രകാരമുള്ള

പ്രതീക്ഷിത ചെലവ് 206741000/-രൂപയും വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് 67133245/- രൂപയുമാണ്. 139607755/-രൂപയുടെ അന്തരം കാണിക്കുന്നുണ്ട്.

മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. സാംഖ്യ വാർഷിക റിപ്പോർട്ടിലെ ശീർഷകങ്ങൾ ഉൾകൊള്ളിച്ചിട്ടുണ്ടെങ്കിലും സമഗ്രമല്ല.

2.പദ്ധതി, പദ്ധതിയേതര ശുപാർശകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കപ്പെട്ടിട്ടില്ല.
3. 1994 ലെ പഞ്ചായത്ത് രാജ് നിയമം, ചട്ടം 175 എന്നിവ പ്രകാരം തയ്യാറാക്കുന്ന വികസന പദ്ധതി ചെലവിനങ്ങൾ പൂർണ്ണമായും ബഡ്ജറ്റിൽ ഉൾകൊള്ളിച്ചിട്ടില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് ചട്ടങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് ഉറപ്പ് വരുത്തേണ്ടതാണ്.

2. ബജറ്റ് രൂപീകരണ പ്രക്രിയയിലെ വിവിധ ഘട്ടങ്ങളുടെ സമയക്രമപട്ടിക തയ്യാറാക്കി ആയത് പാലിക്കപ്പെടുന്നുണ്ടെന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിരീക്ഷിക്കേണ്ടതാണ്

## 2-2 തൊഴിൽ നികുതി അപാകതകൾ

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. ഇപ്രകാരം മുഴവൻ തൊഴിലുടമകൾക്കും നോട്ടീസ് നൽകിയിട്ടില്ല.

നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനിൽക്കുന്നു.

എ) സഞ്ചയ അസസ്മെന്റ്, ഡിമാന്റ് പ്രകാരം 1220 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2017-18 വർഷത്തിൽ വേക്കൻസി

റെമിഷന് അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല. അതായത് 1220 കെട്ടിടങ്ങൾ നിലവിൽ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് കാണാം. എന്നാൽ ട്രഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 262 ഡിമാന്റുകളിൽ (350 കെട്ടിടങ്ങൾ) നിന്നുമാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. അതായത് 870 കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നോ അവയിലെ തൊഴിലാളികളിൽ നിന്നോ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

ബി) ട്രേഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

2.2017-18ൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(1)അക്ഷയ സെന്റർ-കൈവേലി, ട്രാൻസ്ഫോർമർ മുക്ക് (ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല)

(2)കള്ള് ഷാപ്പ് -കൈവേലി

(3)എക്സൽ ഡ്രൈവിംഗ് സ്കൂൾ-കൈവേലി

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി. സ്റ്റാന്റിംഗ് കമ്മിറ്റി ഒരു ഘട്ടത്തിലും ഇത് സംബന്ധിച്ച അജണ്ട ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്തിട്ടില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നുണ്ട്. അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും, നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1) ട്രെയിഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

2) മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

2018-19 വർഷത്തിന്റെ രണ്ടാം അർദ്ധവർഷം മുതൽക്കുതന്നെ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കി ഇത് സംബന്ധിച്ച റിപ്പോർട്ട്

ഹാജരാക്കിയും, ഇതുമൂലമുണ്ടായ വരുമാന വർദ്ധനവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയും പരാമർശം ഒഴിവാക്കേണ്ടതാണ്.

## 2-3 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

2017-18 വർഷത്തിൽ ഡി&ഒ ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 264 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2017 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. എന്നാൽ ഇവയിൽ 85 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ മാർച്ച് മുതലാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

ചട്ടങ്ങളിൽ പറയുന്ന പ്രകാരമല്ലാതെ ലൈസൻസ് പുതുക്കി നൽകിയതിന് വിശദീകരണം നൽകേണ്ടതും, സ്ഥാപനങ്ങൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കേണ്ടതുമാണ്.

2)ഡി &ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി

ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ , ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല. സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 1220 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ വാണിജ്യ/വ്യാവസായിക കെട്ടിടങ്ങൾ ഉപയോഗിക്കാത്തിനാൽ ഒഴിവായി കിടക്കുന്നതായി കാണിച്ച് നികുതി ഇളവിന് 16 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഓഡിറ്റ് വർഷം264 (350കെട്ടിടങ്ങളിൽ) പേർക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ കെട്ടിടങ്ങളും ലൈസൻസ് എടുക്കാതിരിക്കുമ്പോൾ ലൈസൻസ് ഫീസിനത്തിൽ ലഭിക്കേണ്ടുന്ന തുക പഞ്ചായത്തിന് നഷ്ടമാകുന്നുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ നൽകിയ കെട്ടിടങ്ങളിൽ ഭൗതികപരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വന്ന് ലൈസൻസ് ഫീസിനത്തിലെ വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്.

3)അപേക്ഷകൾ അപൂർണ്ണം

ഡി&ഒ ലൈസൻസ് അപേക്ഷകളിൽ അപേക്ഷയിലെ മുഴുവൻ വിവരങ്ങളും അപേക്ഷകൻ രേഖപ്പെടുത്തുന്നില്ല.ചില ലൈസൻസ് അപേക്ഷകളിൽ സ്ഥാപനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്ന എന്നത് പോലും രേഖപ്പെടുത്തിയിട്ടില്ല .ലൈസൻസ് അപേക്ഷകളിൽ ആവശ്യമായ ഫീൽഡ് അന്വേഷണം നടത്തിയതിന് ശേഷം ലൈസൻസ് അനുവദിക്കേണ്ടതാണ്.

4)ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം

സ്ഥാപനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആധികാരികത ഇല്ല. ഓരോ മാസവും ലഭിക്കുന്ന ലൈസൻസ് അപേക്ഷകൾ പ്രകാരം മാസാടിസ്ഥാനത്തിലാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം വ്യവസായ, വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റെയോ ഫീൽഡ് പരിശോധനയുടെയോ അടിസ്ഥാനത്തിൽ അല്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. അനുവദിക്കുന്ന ലൈസൻസ് അപേക്ഷകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നത്. 17 വാർഡുകളിൽ നിന്നായി 264 ട്രേഡേഴ്സിന്റെ വിവരങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-4 ബിൽഡിങ് പെർമിറ്റ് അപാകതകൾ

2017-18 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ്, കംപ്ലീഷൻ, ക്രമവത്കരണം, പെർമിറ്റ് പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ, ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്ററുകൾ, ക്രമവത്കരണ അപേക്ഷാ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2017-18 ൽ ആകെ ലഭിച്ച 112 അപേക്ഷകളിൽ 40 എണ്ണവും ക്രമവത്കരണത്തിനുള്ളതാണ്. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ , ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത കെട്ടിട നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി എന്നാണ് ഈ ഇനത്തിൽ ലഭ്യമാവുന്ന അപേക്ഷകളുടെ എണ്ണം സൂചിപ്പിക്കുന്നത്. പെർമിറ്റില്ലാതെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച 40 കെട്ടിടങ്ങൾ നിർമ്മാണ ഘട്ടത്തിൽ തന്നെ ഫീൽഡ് പരിശോധയിലൂടെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

2.കെട്ടിട പെർമിറ്റ് അനുവദിച്ച അപേക്ഷകളിൽ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ പൂർത്തീകരണ വിവരം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു.

## 2-5 സഞ്ചയ സോഫ്റ്റ്‌വെയറിലെ സാങ്കേതിക പ്രശ്നങ്ങൾ

വസ്തു നികുതി ഓൺലൈനാക്കുന്നതിനായി 2013 വർഷത്തിൽ ഐ.കെ.എം ഇംപ്ലിമെന്റ് ചെയ്ത സഞ്ചയ സോഫ്റ്റ്‌വെയറിൽ നിലവിൽ ചുവടെ ചേർത്ത പ്രശ്നങ്ങൾ ഉണ്ട്.

1.സർക്കാർ ഉത്തരവ് പ്രകാരം 660 ചതുരശ്രയടി (61.33ചതുരശ്ര മീറ്റർ) കുറവുള്ള കെട്ടിടങ്ങൾ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി പൂർത്തീകരിക്കുമ്പോൾ 60 ചതുരശ്ര മീറ്റർ വരെയാണ് നികുതിയിൽ നിന്നും ഒഴിവാക്കപ്പെടുന്നത്.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ Residential, Non Residential റിപ്പോർട്ടുകൾ വെവ്വേറെ ലഭിക്കുന്നുണ്ടെങ്കിലും സാംഖ്യയിൽ Non Residential ഇനത്തിൽ ഓപ്പൺ എക്കൌണ്ട് ഹെഡ് ഇല്ലാത്തതിനാൽ ഡിമാന്റ് ജനറേറ്റ് ചെയ്യുമ്പോൾ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരാമത്ത് പ്രവർത്തികളുടെ നിർവഹണത്തിൽ വീഴ്ച -വിവിധ ഫണ്ടിനങ്ങളിലായി വകയിരുത്തിയ വൻ തുക പാഴായി

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 129 പ്രൊജക്ടുകളാണ് സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാനുണ്ടായിരുന്നത്. ആയതിന് വിവിധ ഫണ്ടിനങ്ങളിലായി 51355375 രൂപ വകയിരുത്തിയിട്ടുണ്ട്. അംഗീകാരം ലഭിച്ച 129 പ്രൊജക്ടുകളിൽ 58 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളാണ്. തൻവർഷത്തിൽ ആകെ 52 പ്രൊജക്ടുകൾക്ക് മാത്രമാണ് തുക ചെലവഴിച്ചിരിക്കുന്നത് (സ്പിൽഓവർ 46, പുതിയത് 6). ആയതിനായി മൊത്തം17618161 രൂപ ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 34.3% മാത്രമാണ് സാമ്പത്തിക വർഷത്തെ ചെലവ്. വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോക ബാങ്ക് സഹായം, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിത് 47306611 രൂപ വകയിരുത്തിയതിൽ 14880367 രൂപ മാത്രമാണ് സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിരിക്കുന്നത്. മേൽ ഫണ്ടിനങ്ങളിൽ ചെലവുതുക കുറവായതിനാൽ വകയിരുത്തിയ തുകയിൽ 32426444 രൂപ സർക്കാരിലേക്ക് തിരികെപ്പോയിട്ടുണ്ട്. എഗ്രീമെന്റ് രജിസ്റ്റർ പ്രകാരം തൻവർഷത്തിൽ ആരംഭിക്കേണ്ട 71 പ്രൊജക്ടുകളിൽ 58 പ്രൊജക്ടുകൾക്ക് മാത്രമാണ് കരാറുകാരുമായി തൻവർഷത്തിൽ എഗ്രീമെന്റിൽ ഏർപ്പെട്ടിരിക്കുന്നത്. നടപ്പിലാക്കാനുണ്ടായിരുന്ന 58 സ്പിൽ ഓവർ പ്രൊജക്ടുകളിൽ 46 എണ്ണം മാത്രമാണ് സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചിരിക്കുന്നത്. 12 സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. ജി.ഒ.എം എസ് നമ്പർ72/17 തി 29.3.17 ഖണ്ഡിക 6.8 പ്രകാരം സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽ ഓവർ ആയ അതെ വർഷത്തിൽ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. ആയതിനാത് മേൽ പ്രവർത്തികൾക്ക് 2018-19 വർഷത്തിൽ തുക വകയിരുത്താൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കയാണ്. അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ടുകളുടെ ബാഹുല്യവും അസി.എഞ്ചിനീയർക്ക് ഒന്നിലധികം പഞ്ചായത്തുകളുടെ ചുമതലയും മരാമത്ത് പ്രവർത്തികളുടെ നിർവഹണത്തെ ബാധിച്ചിട്ടുണ്ട്. പ്രൊജക്ടുകൾ പരിമിതപ്പെടുത്തി പ്രൊജക്ടുകൾക്ക് വകയിരുത്തുന്ന തുക വർദ്ധിപ്പിച്ച് തുടർ വർഷങ്ങളിൽ ഈ അപാകത പരിഹരിക്കാവുന്നതാണ്.

### 3-2 കൈവേലി മാഞ്ചാൽ റോഡ്- മുൻ വർഷം ടാർ കൈപറ്റിയ കരാറുകാരൻ പ്രവർത്തി പൂർത്തീകരിച്ചില്ല.

2016-17 സാമ്പത്തിക വർഷത്തിൽ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് കരാറുകാർക്ക് ടാർ വാങ്ങി നൽകിയ പ്രവൃത്തികളിൽ കൈവേലി – മാഞ്ചാൽ റോഡ്. 2016-17 സാമ്പത്തിക വർഷത്തിൽ മെയ്ന്റനൻസ് ഗ്രാന്റ് 925000 രൂപ വകയിരുത്തി ആരംഭിച്ച മേൽ പ്രവൃത്തിക്കായി കടത്തുകൂലി ഉൾപ്പെടെ 56084 രൂപ വിലയുള്ള 7 ബാരൽ ടാർ

കരാറുകാരനായ ശ്രീ.എം.ടി ബാലൻ കൈപറ്റിയതായി സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിലും കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല. ജി.ഒ.എം.എസ്.72/17 ത.സ്വ.ഭ.വ.തി 29.3.17 ഖണ്ഡിക 6.8 പ്രകാരം സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽ ഓവറായ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കണം. ആയതിനാൽ 2018-19 സാമ്പത്തിക വർഷത്തിൽ മേൽ പ്രവർത്തിക്ക് തുക വകയിരുത്തി ചെലവഴിക്കാൻ കഴിയാതെ വരും. ആയതിനാൽ ടാർ തിരികെ വാങ്ങി സ്റ്റോക്കിലെടുത്ത് മറ്റ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തേണ്ടതാണ്. ടാർ തിരികെ വാങ്ങി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 മരാമത്ത് പ്രവർത്തികളുടെ കരാർവെക്കുന്നതിൽ കാലതാമസം- പിഴഈടാക്കിയില്ല.

അസി. എഞ്ചിനിയർ മുഖാന്തിരം നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ (മരാമത്ത് പ്രവർത്തികൾ) കരാറുകാരനെ തെരഞ്ഞെടുത്ത ശേഷം നൽകുന്ന സെലക്ഷൻ നോട്ടിസിൽ 14 ദിവസത്തിനകം പഞ്ചായത്തുമായി കരാർ വെക്കാത്ത പക്ഷം അടുത്ത 10 ദിവസത്തിനുള്ളിൽ 1% പിഴ അടവാക്കി മാത്രമേ കരാർവെക്കാൻ സാധിക്കു എന്ന വ്യക്തമാക്കുന്നുണ്ട്. എന്നാൽ സമയപരിധി കഴിഞ്ഞ് എഗ്രിമെന്റ് വെച്ച താഴെ പറയുന്ന പ്രവർത്തികളിൽ മേൽ പ്രകാരമുള്ള ഫൈൻ ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | സെലക്ഷൻ നോട്ടീസ് തീയതി | കരാർ വെച്ച തിയ്യതി/ കരാറുകാരൻ | ഈടാക്കേണ്ട ഫൈൻ തുക |
|---|---|---|---|---|
| 1 | അരയാക്കൽ – പൂവുള്ളതിൽ മുക്ക് റോഡ് (24/18)<br>കരാർതുക – 488870<br>ചെലവ്- 488870<br>ബിൽ നമ്പർ 1/17-18 തി 31.8.17 | 3.1.17 | 24/16-17 തി 23-12.17<br>കെ.പി.രവീന്ദ്രൻ | 488870x1%=<br>4889 |

| | | | | |
|---|---|---|---|---|
| 2 | കട്ടക്കാം കണ്ടി – കൊയിലോത്ത് കണ്ടി റോഡ് (38/18)<br>കരാർതുക – 704404<br>ചെലവ്- 704074<br>ഓഡർ നമ്പർ 233/29.3.18 | 13-2-17 | 37/16-17<br>തി 14.3.18<br>എം.കെ.ബാലൻ | 704404x1% = 7044 |
| 3 | നിട്ടൂർ മുക്ക് കിഴക്കെ വള്ളിത്താഴ റോഡ്<br>(35/18)<br>കരാർതുക – 534929<br>ചെലവ്- 534929<br>ഓഡർ നമ്പർ- 52/21-10-17 | 3-1-17 | 40/16-17<br>തി 16.3.17<br>എം.കെ.മൊയ്തു ഹാജി | 534929x1%=<br>5349 |
| 4 | മണ്ണാൻകണ്ടി മുക്ക്- കൊയ്യാൽ റോഡ് (33/18)<br>കരാർതുക- 451054<br>ചെലവ്- 445074<br>ബിൽ നമ്പർ- | 3.1.17 | 15/16 -17<br>തി 1-2-17<br>എം.കെ.മൊയ്തു ഹാജി | 451054X1%=<br>4511 |

| | | | | |
|---|---|---|---|---|
| | 12/17-18<br>തി 9.1.18 | | | |
| | ആകെ | | | 21793 |

മേൽ സൂചിപ്പിച്ച വിധം നിശ്ചിതസമയ പരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും ഫൈൻ ഈടാക്കാതിരുന്നത് സംബന്ധിച്ച് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫൈൻ ഇനത്തിൽ ഈടാക്കേണ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. 21793 രൂപയുടെ വരവ് നഷ്ടം ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-4 മരാമത്ത് പ്രവർത്തികളുടെ ഫയൽ സൂക്ഷിപ്പിൽ അപാകത

2017-18 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനീയർ നിർവഹണം നടത്തിയ സ്പിൽ ഓവർ പ്രൊജക്ടുകളുടെ ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) കരാറുകാരന് പ്രവർത്തിയുടെ സെലക്ഷൻ നോട്ടീസ് അയക്കുന്ന രേഖകൾ ചിലഫയലുകളിൽ സൂക്ഷിക്കുന്നില്ല.

2) പ്രവർത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് ഹാന്റ് ഓവർ ചെയ്യുന്നതിന്റെ രേഖകൾ മിക്ക ഫയലിലും സൂക്ഷിക്കുന്നില്ല.

3)പ്രവർത്തികളുടെ പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് കമ്മറ്റി റിപ്പോർട്ട് മിക്ക ഫയലുകളിലും ലഭ്യമല്ല.

4) പ്രവർത്തികളുടെ എസ്റ്റിമേറ്റിനോടൊപ്പം എസ്റ്റ്മേറ്റ് റിപ്പോർട്ട് ഉൾപ്പെടുത്തി സൂക്ഷിക്കുന്നില്ല .

6) VAT, IT, K.C.W.W.F എന്നിവ അടവാക്കിയതിന്റെ വിവരം മിക്ക ഫയലുകളിലും ലഭ്യമല്ല.

ഫയൽ സൂക്ഷിക്കുന്നതിലെ അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

## 3-5 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ

1 ഇടവിളകിറ്റ് വിതരണം - വാങ്ങിയ മുഴവൻ കിറ്റുകളും വിതരണം ചെയ്തില്ല.

പ്രൊജക്ട് നമ്പർ 134/17-18

വകയിരുത്തിയ തുക 600000

ചെലവുതുക 600000 (ബിൽ നമ്പർ 3/17-18 തി 30.3.18

മേൽ പ്രൊജക്ടുപ്രകാരം കിറ്റൊന്നിന്750 രൂപ വീതം വിലവരുന്ന 800 ഇടവിളകൃഷി കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന വാങ്ങിയിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ വിവിധവാർഡുകളിൽ കിറ്റുകൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 17 വാർഡുകളിൽ നിന്നായി777 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമെ ഹാജരാക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 22 കിറ്റുകളുടെ വിതരണ വിവരം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2വിവിധ പ്രൊജക്ടുകൾ പ്രകാരം ഗുണഭോക്താക്കൾക്ക് ആല്യകുല്യങ്ങൾ വിതരണം ചെയ്തതിൽ അവ്യക്തത.

കൃഷി ആഫീസർ മുഖേന നടപ്പിലാക്കിയ ഏതാനും പ്രൊജക്ടുകളിൽ ലഭ്യമായതിൽ കൂടുതൽ കാർഷിക കിറ്റുകൾ ഗുണഭോക്താക്കൾക്ക് വതരണം ചെയ്തതായുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | പേര് | വകയിരുത്തിയ തുക | ചെലവുതുക | വിതരണം ചെയ്തതിലെ അപാകത |
|---|---|---|---|---|
| 132/18 | ജൈവ പച്ചക്കറി വികസനം | 280000 | 32500 (ബിൽ നമ്പർ1/17-18-തി25.1.18 | 650 പച്ചക്കറി കിറ്റുകൾ V.F.P.C.K യിൽ നിന്നും വാങ്ങിയത് 663 പേർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കി |
| 164/18 | കുറ്റി കുരുമുളക് വികസനം | 90000 | 90000 (ബിൽ നമ്പർ 4/17-18 തി 24.3.18 | 3 എണ്ണം വീതമുള്ള 300 കിറ്റുകൾ V.F.P.C.K |

| | | | | |
|---|---|---|---|---|
| | | | | യിൽ നിന്നും വാങ്ങിയത് 338 പേർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കി |

ലഭ്യമായതിലും കൂടുതൽ കിറ്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത് ഏത് വിധമെന്ന് വിശദമാക്കേണ്ടതാണ്

3 <u>കാർഷിക മേഖലയിലെ പ്രൊജക്ടുകൾ ലക്ഷ്യം കൈവരിച്ചില്ല.</u>

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായുള്ള താഴെപ്പറയുന്ന പ്രൊജക്ടുകൾ ലക്ഷ്യം കൈവരിച്ചു കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവുതുക | പ്രോജക്ട് പ്രകാരം ആനുകൂല്യം ലഭ്യമാക്കേണ്ട ഗുണഭോക്താക്കൾ | ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കൾ |
|---|---|---|---|---|
| 132/18 പച്ചക്കറി വികസനം | 280000 | 32500 | 1600 | 650 |
| 175/18 സുഗന്ധ വ്യഞ്ജന കൃഷി | 240000 | 28125 | 800 | 75 |

മേൽ പ്രൊജക്ടുകൾ പ്രകാരം ലക്ഷ്യം വെച്ചതിലും വളരെ കുറഞ്ഞ ഗുണഭോക്താക്കൾക്കേ ആനുകൂല്യങ്ങൾ വിതരണം ചെയ്തതായി കാണുന്നുള്ളു. വകയിരുത്തിയ തുക

ചെലവഴിക്കപ്പെടാത്തതിനാൽ മേൽ പ്രൊജക്ട പ്രകാരം വകയിരുത്തിയ തുകയിൽ ഭൂരിഭാഗവും ചെലവഴിക്കാതെ സർക്കാരിലേക്ക് തിരികെപ്പോയിരിക്കയാണ്. അപാകതക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ടകൾ മോണിട്ടറിംഗിന് വിധേയമാക്കേണ്ട കൃഷി, ജലസേചനം വർക്കിംഗ് ഗ്രൂപ്പ് മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവർ തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ വന്ന വീഴ്ചയാണ് ഇത്തരം അപാകതകൾക്ക് കാരണമായത്. അപാകതകൾക്കുള്ള കാരണം വിശദമാക്കേണ്ടതാണ്.

## 3-6 ആവശ്യമായ രേഖകൾ ഹാജരാക്കാതെ ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥമായുള്ള പ്രൊജക്ടകളിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്തു.

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രൊജക്ടകൾ പ്രകാരം എസ്.സി./എസ്.ടി വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 150/18 | വിദ്യാർത്ഥികൾക്ക് സൈക്കിൾ | 70000 | 67400 | 14. എസ്.സി വിദ്യാർത്ഥി കൾക്ക് സൈക്കിളുകൾ വിതരണം ചെയ്തു |
| 151/18 | പ്രൊഫഷണൽ പിജി. ഡിഗ്രി. വിദ്യാർത്ഥി കൾക്ക് ലാപ് ടോപ്പ് എസ്.സി | 30000 | 29990 | ഒരു വിദ്യാർത്ഥിക്ക് ലാപ് ടോപ്പ് വിതരണം ചെയ്തു |
| 190/18 | പ്രൊഫഷണൽ പിജി. ഡിഗ്രി. വിദ്യാർത്ഥി | 30000 | 29990 | ഒരു വിദ്യാർത്ഥിക്ക് ലാപ് ടോപ്പ് |

| | | | | |
|---|---|---|---|---|
| | കൾക്ക് ലാപ് ടോപ്പ് എസ്.ടി | | | വിതരണം ചെയ്തു |

സ.ഉ എം എസ് നമ്പർ 80/17 ത.സ്വ.ഭ.വ തി 3.4.17 ഖണ്ഡിക11.8 ൽ 5,6 എന്നിവ പ്രകാരം ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമെ ഇത്തരം ആനുകൂല്യം വിതരണം ചെയ്യാൻ പാടുള്ളു. പട്ടികജാതി പട്ടികവർഗ വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ആനുകൂല്യം കൈപ്പറ്റിയവർ ഈ ആനുകൂല്യത്തിന് അർഹരല്ല. എന്നാൽ ആനുകൂല്യം ലഭ്യമാക്കിയിട്ടില്ലെന്ന പട്ടികജാതി/ പട്ടികവർഗ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് ഹെഡ്മാസ്റ്റർ വിദ്യാർത്ഥികൾക്ക് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പ്രൊജക്റ്റുകൾ ഒന്നും തന്നെ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് മോണിട്ടർ ചെയ്തതായി കാണുന്നില്ല. പ്രൊജക്റ്റുകൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളിൽ നിന്നും ആവശ്യമായ രേഖകൾ ലഭ്യമായി എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

## 3-7 തെരുവ് വിളക്ക് റിപ്പയർ/ സ്ഥാപിക്കൽ-പ്രൊജക്റ്റ് നടപ്പിലാക്കിയതിൽ അപാകത

പ്രൊജക്റ്റ് നമ്പർ- 6/18

വകയിരുത്തിയ തുക - 250000

ചെലവുതുക- - 250000 (ബിൽ നമ്പർ 259/17-18 തി22.2.18)

മേൽ പ്രൊജക്റ്റ് പ്രകാരം പഞ്ചായത്ത് പരിധിയിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനായി 50 എണ്ണം 20.W.LED സ്ട്രീറ്റ് ലൈറ്റുകൾ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്ക് ഡവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും വാങ്ങിയിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റുകൾ 50 എണ്ണവും നരിപ്പറ്റ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചു എന്ന കെൽട്രോണിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 207500 രൂപ ഉപകരണങ്ങളുടെ വിലയായും 42500 രൂപ ഇൻസ്റ്റലേഷൻ ചാർജിനത്തിലും കെൽട്രോണിന് മേൽ ബിൽ പ്രകാരം പിൻവലിച്ച് കൈമാറി. പ്രൊജക്റ്റ് പരിശോധയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1 തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ അനുമതി പത്രം, തെരുവുവിളക്കുകൾ ഇലക്ട്രിക്ക് പോസ്റ്റുകളിൽ സ്ഥാപിച്ചതായുള്ള സാക്ഷ്യപത്രം എന്നിവ കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല

2 തെരുവുവിളക്കുകൾ സ്ഥാപിച്ചു എന്ന കെൽട്രോണിന്റെ സാക്ഷ്യപത്രമല്ലാതെ ഏതെല്ലാം വാർഡുകളിൽ ഏതെല്ലാം സ്ഥലത്ത് എത്രഎണ്ണം സ്ഥാപിച്ചു എന്ന് മുഴുവൻ വാർഡുകളിലേയും മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3 പ്രൊജക്ട് മോണിട്ടറിഗ് കമ്മറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

അപാകതകൾക്ക് കാരണം വിശദമാക്കിയിട്ടില്ല. പ്രൊജക്ടിന്റെ മോണിട്ടറിഗ് സമിതിയായി പ്രവർത്തിക്കേണ്ട പൊതുമരാമത്ത് /ഊർജം വർക്കിംഗ് ഗ്രൂപ്പ് പ്രൊജക്ടിന്റെ മോണിട്ടറിഗിൽ സംഭവിച്ച വീഴ്ചയാണ് അപാകതകൾക്ക് കാരണം. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-8 പ്ലാസ്റ്റിക്ക് മാലിന്യം നീക്കംചെയ്യൽ-പ്രൊജക്ട് സർക്കാർ മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

പ്രൊജക്ട് നമ്പർ – 210/18

വകയിരുത്തിയ തുക – 144000

ചെലവുതുക – 140000

ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്ലാസ്റ്റിക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് ടെണ്ടർ നടപടികളിലൂടെ ടി.പി. മുഹമ്മദ് അഷറഫ് (നാച്വർ ഗാർഡ് പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ് മെന്റ് പാലാഴി) എന്നവരെ ചുമതലപ്പെടുത്തി നൽകി. 18.9.17 ൽ ടിയാൻ നരിപ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിൽ 8 ലോഡ് മാലിന്യങ്ങൽ നീക്കം ചെയ്തതിന് ലോഡ് ഒന്നിന് 18000 രൂപ തോതിൽ 144000 രൂപയിൽ നിയമാനുസൃത നികുതി കഴിച്ചുള്ള ബാക്കിതുക അനുവദിക്കാൻ അപേക്ഷിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നികുതി കഴിച്ച് 137860 രൂപ ടിയാന് നൽകിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കയറ്റി കൊണ്ടുപോയതായി ഉത്തരവാദപ്പെട്ട ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. ജി.ഒ.എം.എസ് നമ്പർ 72/17/ തസ്വ.ഭ.വ തി 29.3.17 ഖണ്ഡിക 12.12 പ്രകാരം ഓരോ പ്രദേശവും മാലിന്യ മുക്തമാക്കുന്നതിന് ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ പരിപാലിക്കുക. അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനചംക്രമണത്തിന് വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം. മേൽ മാർഗരേഖ ഖണ്ഡിക 12. 12.3. പ്രകാരം മാലിന്യ സംസ്കരണ മേഖലയിൽ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രൊജക്ടുകളിലൊന്നും തന്നെ മാലിന്യം കയറ്റി കൊണ്ടുപോകുന്ന തരത്തിലുള്ള പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ നിഷ്കർഷിക്കുന്നില്ല. ശുചിത്വം മാലിന്യ സംസ്കരണം വർക്കിംഗ് ഗ്രൂപ്പോ, മേൽനോട്ട ചുമതലയുള്ള ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ്കമ്മറ്റിയോ പ്രൊജക്ട നിർവഹണത്തിൽ തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റിയതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയും. വരും വർഷങ്ങളിൽ സർക്കാർ മാർഗനിർദ്ദേശ പ്രകാരമുള്ള പ്രൊജക്ടുകൾ മാത്രം മാലിന്യ സംസ്കരണ മേഖലയിൽ നടപ്പിലാക്കിയും പരാമർശം ഒഴിവാക്കാവുന്നതാണ്.

## 3-9 പണി പൂർത്തീകരിക്കാത്ത വയോജന വിശ്രമ കേന്ദ്രത്തിന് വേണ്ടി ടി.വി, ഫർണീച്ചർ മുതലായവ വാങ്ങി

പ്രൊജക്റ്റ് നമ്പർ 139/18

വകയിരുത്തിയ തുക 100000

ചെലവുതുക 18200 (273/17-18 തി28.3.18)

ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ചിരിക്കുന്ന വയോജന വിശ്രമ കേന്ദ്രത്തിന് ആവശ്യമായ ഫർണീച്ചർ, റാക്ക്, ടെലിവിഷൻ മുതലായവ വാങ്ങുന്നതിനാണ് മേൽപ്രൊജക്റ്റ് പ്രകാരം തുക വകയിരുത്തിയത്. സാമ്പത്തിക വർഷത്തിൽ 18200 രൂപ മുടക്കി ടെലിവിഷനും സ്റ്റബിലൈസറും കൊച്ചുകുടിയിൽ ഏജൻസീസ് വടകരയിൽ നിന്നും വാങ്ങിയിട്ടുണ്ട്. 2017-18 ൽ ക്യൂ ബിൽ ആയതിനാൽ 64446 രൂപ മുടക്കി ഫർണീച്ചറുകൾ, റാക്ക് എന്നിവ വാങ്ങിച്ചതിന് 2018-19 ലും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടത്തിൽ നാളിതുവരെ വയറിംഗ് ജോലികൾ ആരംഭിക്കുകയോ കെട്ടിടം വയോജനങ്ങൾക്കായി തുറന്നു നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ സാമ്പത്തിക വർഷത്തിൽ ലഭ്യമാക്കിയ ടെലിവിഷൻ പഞ്ചായത്ത് ഓഫീസിലും, ഫർണീച്ചറുകളും മറ്റും വിശ്രമ കേന്ദ്രത്തിനായി ഉണ്ടാക്കിയ കെട്ടിടത്തിലും സൂക്ഷിക്കുന്നതായി പഞ്ചായത്ത് അധികൃതർ അറിയിച്ചു. പണി പൂർത്തീകരിക്കാത്ത വിശ്രമകേന്ദ്രത്തിനായി ടെലിവിഷനും, ഫർണീച്ചറും വാങ്ങിക്കാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

## **3-10** <u>തെരുവുവിളക്ക് സ്ട്രീറ്റ് മെയിൻ, മീറ്റർ സ്ഥാപിക്കൽ-വിനിയോഗ വിവരം ലഭ്യമാക്കിയില്ല.</u>

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ എൽ.ഇ.ഡി വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനായി മേൽ പ്രൊജക്റ്റ് പ്രകാരം 377500 രൂപ ബിൽ നമ്പർ 266/7-18 തി 23.3.18 പ്രകാരം പിൻവലിച്ച് അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ പരപ്പപാറയുടെ പേരിൽ S.B.I. കല്ലാച്ചി ശാഖയിലുള്ള 60834 നമ്പർ എകൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. അടവാക്കിയ തുകയുടെ വിനിയോഗവിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധക്കായി ഹാജരാക്കേണ്ടതാണ്. ചെലവു തുക 377500 രൂപ തടസ്സത്തിൽ വെക്കുന്നു. തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

## **3-11** <u>പട്ടിക വർഗ വിവാഹ ധനസഹായം വിതരണം ചെയ്തതിൽ അപാകത</u>

പ്രൊജക്റ്റ് നമ്പർ – 212/18

വകയിരുത്തിയ തുക - 75000

ചെലവുതുക - 75000 (ബിൽ നമ്പർ 6/17-18 തി28.3.18)

അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ മേൽ പ്രൊജക്റ്റ് പ്രകാരം 75000 രൂപ മകൾ ഷിജിനയുടെ വിവാഹ ധനസഹാമായി മാതാവ് തേയി വായാട് കോളനി എന്നവരുടെ എകൗണ്ടിലേക്ക് മേൽ ബിൽ പ്രകാരം പിൻവലിച്ച് കൈമാറിയിട്ടുണ്ട്. ജി.ഒ(എം.എസ്)

നമ്പർ 80/17 തസ്വ.ഭ.വ.തിയ്യതി 3.4.17 ഖണ്ഡിക 11.5 പ്രകാരം പട്ടികജാതി/പട്ടിക വർഗ രക്ഷാകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുന്ന പദ്ധതിയിൽ വിവാഹത്തിന് പതിനാല് ദിവസം മുമ്പൊ വിവാഹം കഴിഞ്ഞ് 90 ദിവസത്തനകമോ അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. 19.12.2016ൽ വിവാഹം രജിസ്റ്റർ ചെയ്യതുവഴി ലഭിച്ച മാരേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 19.8.17 ൽ മാതാവി തേയി ഗ്രാമസഭ മുഖേന ധനസഹായത്തിന് അപേക്ഷിക്കുകയും ആയതിന്റ അടിസ്ഥാനത്തിൽ ധനസഹായം വിതരണം ചെയ്യുകയുമാണ് ചെയതത്. മേൽ ഉത്തരവ് ഖണ്ഡിക 11.5 പ്രകാരം പട്ടികജാതി/പട്ടിക വർഗ വികസന വകുപ്പിൽ നിന്ന് ഈ ധനസഹായം ലഭിച്ചവർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷ നൽകാൻ പാടില്ല. എന്നാൽ പട്ടിക വർഗ വികസന വകുപ്പിൽ നിന്നും ഈ ആനുകൂല്യം കൈപറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് ധനയഹായം വിതരണം ചെയ്തിരിക്കുന്നത്. അപാകതകൾക്ക് കാരണം വിശദമാക്കിയിട്ടില്ല. ചെലവു തുക 75000 രൂപ തടസ്സത്തിൽ വെക്കുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയും മുൻ വർഷത്തിൽ ഈ ആനുകൂല്യം ഗുണഭോക്താവിന് പഞ്ചായത്ത് മുഖേന നൽകിയിട്ടില്ല എന്ന് ഉറപ്പുവരുത്തിയും ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

## 3-12 പൊതു ടാപ്പുകളുടെ വെള്ളക്കരം-തുക അടവാക്കുന്നതിൽ അപാകത

പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്ന വിവരം എഴുതി സൂക്ഷിക്കുന്ന രജിസ്റ്റർ പരിശോധിച്ചതിൽ 19 പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 8313/- രൂപയാണ് ഗ്രാമപഞ്ചായത്ത് അടവാക്കി വരുന്നത്. 2014 ഒക്ടോബർ മാസം മുതൽ ഇതേ തുക തന്നെ അടവാക്കി വരുന്നതായാണ് കാണുന്നത്. സ്ട്രീറ്റ് ടാപ്പുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വെള്ളക്കരം അടവാക്കുന്ന ടാപ്പുകളിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്ന് വ്യക്തമല്ല. ജല അതോറിറ്റയുമായി ബന്ധപ്പെട്ട് സ്ട്രീറ്റ് ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കണ്ടെത്തി ആയതിന് ആനുപാതികമായി പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-13 മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 2017-18 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം | ആർക്ക് നൽകി | നൽകിയ തീയ്യതി/ വർഷം | ഇനം | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ശ്രീ.ബാബുരാജ് കെ.പി | 2014-15 | യാത്രാ ബത്ത | 1250 |
| 2 | ശ്രീ.പവിത്രൻ ടി.പി | 2014-15 | യാത്രാ ബത്ത | 4000 |
| 3 | ശ്രീ.ദയാനന്ദൻ | 2014-15 | യാത്രാ ബത്ത | 1000 |
| 4 | ശ്രീ.അശോകൻ മണ്ണങ്കണ്ടി | 31.03.2009 | തുമ്പക്കുന്ന് കുടിവെള്ളപദ്ധതി | 25000 |
| 5 | എ.ഇ കെ.എസ്.ഇ.ബി | 24.03.2010 | കക്കട്ടിൽ കണ്ടഞ്ചോല പ്രദേശം വൈദ്യുതീകരണം (ഡെപ്പോസിറ്റ് വർക്ക്) | 91188 |

മുൻകൂറുകൾ പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 പുതുക്കിയ ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നില്ല.

തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടത്തി 1.7.2014 മുതൽ 31.1.16 വരെയുള്ള കുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചതായി കാണുന്നുണ്ട്. എന്നാൽ 20. 1. 201 6 ലെ ശമ്പള പരിഷ്കരണ ഉത്തരവ് നം- 7/2016 (ഫി) ഫിൻ ഖണ്ഡിക 48 (I) പ്രകാരം ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിഷ്കകർഷിച്ചിട്ടുണ്ടെങ്കിലും ആയത് അടവാക്കിയതായി കാണുന്നില്ല - 1. 4.2013 ന് മുൻപ് സേവനത്തിൽ പ്രവേശിച്ച എല്ലാ ജീവനക്കാരുടെയും ശമ്പളം പുതുക്കിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

1- സമ്പൂർണ്ണ ശൗചാലയം പദ്ധതി

പ്രോജക്ട് നം – 143/17-18

നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ

അടങ്കൽ – 157600/- (പൊതുവിഭാഗം സാധാരണ വിഹിതം – 96000;
ധനകാര്യ കമ്മീഷൻ അവാർഡ് – 61600/-)

ചെലവ് – 58200 (ബിൽ നം – 8/17-18 തിയ്യതി-23-03-2018 തുക – 42800

ബിൽ നം – 9/17-18 തിയ്യതി-09-01-2018 തുക-15400)

പ്രോജക്റ്റിൽ 4 ഗുണഭോക്താക്കളാണുള്ളത്. പ്രവൃത്തി പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട വാർഡ് മെമ്പറുടെ സാക്ഷ്യപത്രം, നിർവ്വഹണോദ്യോഗസ്ഥരുടെ സാക്ഷ്യപത്രം എന്നിവ ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ ഫയലുകൾ പരിശോധിച്ചതിൽ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈമാറിയ തുക |
|---|---|---|
| 1 | ശോഭ അയനിക്കോട്ട് കുനിയിൽ താമസിക്കും മരുതേരി | 12000 |
| 2 | ഷിജു താഴെ ചെറിവത്ത്. ചീക്കോന്ന് വെസ്റ്റ് | 15400 |
| 3 | ബാലൻ വടക്കെചാലിൽ. നരിപ്പറ്റ | 15400 |

2.വീട് വാസയോഗ്യമാക്കൽ- അപാകതകൾ

പ്രോജക്റ്റ് നം – 167/17-18

നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ

അടങ്കൽ-300000/- (എസ്സ്.സി.പി)

ചെലവ്-300000/- (ബിൽ നം-10/17-18 തിയ്യതി-10-01-2018- തുക75000/-

ബിൽ നം – 12/17-18 തിയ്യതി-18-01-2018 -തുക 75000/-

ബിൽ നം – 18/17-18 തിയ്യതി-23-03-2018 -തുക 75000

ബിൽ നം – 20/17-18 തിയ്യതി-28-03-2018 -തുക 75000 )

ഗ്രാമപഞ്ചായത്തിൽ തിരഞ്ഞെടുത്ത 2 ഗുണഭോക്താക്കൾക്ക് 150000/- രൂപ നിരക്കിൽ ആകെ 300000/- രൂപ പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. സ.ഉ (എം.എസ്) നം-80/2017/ തസ്വഭവ. തിയതി 03.04.2017 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.6 പ്രകാരം വീടിനെ വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കണ്ടതും. എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കണം സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. വീടിന്റെ വിസ്തീർണ്ണം 60 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാവുന്നതല്ല. എന്നാൽ ഗുണഭോക്താക്കൾ അടങ്കൽ തയ്യാറാക്കാതെയും അസിസ്റ്റന്റ് എഞ്ചിനീയർ മൂല്യനിർണയം നടത്താതെയുമാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. വിസ്തീർണ്ണം സംബന്ധിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയർ/ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ബന്ധപ്പെട്ട അപാകതകൾക്ക് ആധികാരികമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

## 3-16 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് -ജില്ലാ പഞ്ചായത്ത് വിഹിതം വിനിയോഗിച്ചില്ല

പ്രോജക്ട് നം – 84/17-18

നിർവ്വഹണോദ്യോഗസ്ഥൻ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ – 600000 (പൊതുവിഭാഗം സാധാരണ വിഹിതം-400000/-

ജില്ലാ പഞ്ചായത്ത് വിഹിതം – 200000/-)

ചെലവ് – 400000 (ബിൽ നം-18/17-18 തിയ്യതി-28.02.2018-372600/-

ബിൽ നം – 21/17-18 തിയ്യതി – 17.03.2018-27400/-)

6 ലക്ഷം രൂപ വകയിരുത്തിയ മേൽ പ്രോജക്ടിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി വകയിരുത്തിയ 200000/- രൂപ 31.03.2018 ന് ഗ്രാമ പഞ്ചയത്തിന്റെ സംയുക്ത പ്രോജക്ടുകൾക്കായുള്ള എക്കൌണ്ടിൽ വരവ് വന്നിട്ടുണ്ട്. മേൽ വിഹിതമായി ലഭിച്ച തുക വിനിയോഗിക്കാതെ ട്രഷറി ടി.എസ്.ബി എക്കൌണ്ടിൽ നിലവിലും അവശേഷിക്കുന്നുണ്ട്. മേൽ തുക 2018-19 വർഷം വിനിയോഗിക്കുന്നതിനായി സ്പിൽ ഓവർ പ്രോജക്ടും തയ്യാറാക്കി അംഗീകാരം വാങ്ങിച്ചിട്ടില്ല. ചെലവാക്കാതെ അവശേഷിക്കുന്ന ജില്ലാ പഞ്ചായത്ത് വിഹിതം തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-17 കറവപ്പശു വിതരണം(വനിതകൾക്ക്)-വരുമാനം സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്റ്റ് നം – 154/17-18

നിർവ്വഹണോദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

അടങ്കൽ – 5000000/-

ചെലവ് – 2475000/

പദ്ധതി പ്രകാരം പഞ്ചായത്തിലെ 99 വനിതകൾക്ക് ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ 50000/- രൂപ വിലയുള്ള കറവപ്പശു വിതരണം നടത്തുകയുണ്ടായി. സബ്സിഡി മാർഗ്ഗരേഖ സ.ഉ (എം.എസ്) 80/2017 തിയ്യതി-03.04.2017 ഖണ്ഡിക 8.2 പ്രകാരം ധനസഹായം അനുവദിയ്ക്കുന്നതിന് പൊതുവിഭാഗത്തിന് 100000/- രൂപയും പട്ടികജാതി വിഭാഗത്തിന് 200000/- രൂപയും കുടുംബ വാർഷിക വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ട്.

എന്നാൽ താഴെ കൊടുത്തിരിക്കുന്ന 3 വനിതകളുടെ വാർഷിക വരുമാനം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാതെയാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്.

1. വഹീദ
2. ജമീല
3. സീന ജോസഫ്

ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## **3-18** ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാമ്പത്തിക വർഷം വരെ 4452 കുടുംബങ്ങളിൽ നിന്നായി 5314 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 3006 കുടുംബങ്ങളിൽ നിന്നായി 3261 പേർ തൊഴിലിനായി അപേക്ഷിക്കുകയും 2857 കുടുംബങ്ങളിലെ 3092 പേർ തൊഴിലിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ആക്ഷൻ പ്ലാൻ പ്രകാരം 479 പ്രവർത്തികൾക്കായി 78535000 രൂപ വകയിരുത്തിയതിൽ 265 പ്രവർത്തികളിലായി 35951000 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ 265 പ്രവർത്തികളിലൂടെ 136705 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിലാളികളുടെ കൂലി ഇനത്തിൽ 35863000 രൂപ ചെലവഴിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിൽ 257 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനവും ലഭ്യമായിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പ്രവർത്തികളിൽ ഭൂരിഭാഗവും മണ്ണ് ജല സംരക്ഷണ പ്രവർത്തികളാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികളുടെ കൂലി രണ്ടാഴ്ചയിലൊരു ദിവസം നൽകേണ്ടതും യാതൊരു കാരണവശാലും മസ്റ്റർ റോൾ ക്ലോസ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവർത്തികളിൽ ഒന്നും തന്നെ നിശ്ചിത സമയപരിധിക്കുള്ളിൽ തൊഴിലാളികളുടെ വേതന വിതരണം നടത്തിക്കാണുന്നില്ല

## 3-19 ആശ്രയ പ്രൊജക്ട് -ലക്ഷ്യം കൈവരിച്ചില്ല

നിരാലംബരും നിരാശ്രയരും, അടിസ്ഥാന ജീവിതോപാധികൾ നിഷേധിക്കപ്പെട്ടവരുമായ കുടുംബങ്ങളെ ഗ്രാമപഞ്ചായത്തും കുടുംബശ്രീയും നടത്തിയ സർവെ പ്രകാരം കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങളും ജീവിതോപാധികളും ലഭ്യമാക്കി സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് ആശ്രയ പ്രൊജക്ട്. ആശ്രയ പ്രൊജക്ട് 2ാം ഘട്ട പ്രകാരം 90 കുടുംബങ്ങളും ഒന്നാം ഘട്ട തുടർസേവനം ആവശ്യമുള്ള 30 കുടുംബങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഉതകുന്ന തരത്തിലുള്ള പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയതായി കാണുന്നില്ല. ആശ്രയ 2ാം ഘട്ട ഗുണഭോക്താക്കളിൽ 89 പേർക്കും തുടർ സേവനം ആവശ്യമുള്ള 28 പേർക്കും ഭക്ഷണ കിറ്റുകൾ മാവേലി സ്റ്റോർ വഴി വാങ്ങി വിതരണം ചെയ്തതാണ് കുടുംബശ്രീ മുഖേന ആശ്രയ ഗുണഭോക്താക്കൾക്കായി നടപ്പിലാക്കിയ പ്രവർത്തനം. ആയതിൽ തന്നെ ഗുണഭോക്താക്കൾക്ക് ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

ആശ്രയ പ്രൊജക്ട് 2ാം ഘട്ട പ്രകാരം 39 പേർക്കും തുടർ സേവനം ആവശ്യമുള്ളവരിൽ 3 പേർക്കും വീട് ആവശ്യമുള്ളപ്പോൾ ആയതിൽ തുടർ സേവന പ്രൊജക്ടിൽ ഉൾപ്പെട്ട രണ്ട് പേർക്ക് മാത്രമാണ് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിരിക്കുന്നത്. കിടപ്പാടം ആവശ്യമുള്ള മൂന്ന് പേരും, കുടിവെള്ളം ആവശ്യമുള്ള 10 പേരും 2ാം ഘട്ട ആശ്രയ പദ്ധതിയിൽ ഉള്ളപ്പോൾ അവർക്കൊന്നും തന്നെ തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന വിധത്തിലുള്ള പ്രൊജക്ടുകൾ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. 2ാം ഘട്ട ആശ്രയയിൽ ഉൾപ്പെട്ട ഭവനം ആവശ്യമുള്ള 39 പേരിൽ ഓരാൾ മാത്രമെ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുന്നുള്ളു എന്ന് വി.ഇ.ഒ. അറിയിച്ചു. ജി.ഒ.എം.എസ്. നമ്പർ 72/17 തി 29.3.17 അനുബന്ധം 4 ഖണ്ഡിക 3, പ്രകാരം ഭൂരഹിതരായ അഗതികൾക്ക് ഭൂമി നൽകിയതിന് ശേഷം മാത്രമെ ദാരിദ്ര രേഖക്ക് താഴെയുള്ള മറ്റ് കുടുബങ്ങളെ ഈ ആവശ്യത്തിന് പരിഗണിക്കാൻ പാടുള്ളു. ഖണ്ഡിക 4 പ്രകാരം അഗതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകി കഴിഞ്ഞതിന് ശേഷം മാത്രമെ ദാരിദ്രരേഖക്ക് താഴെയുള്ള മറ്റ് കുടുബങ്ങൾക്ക് ഭവന നിർമാണത്തിന് ധനസഹായം നൽകാൻ പാടുള്ളു എന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും അത്തരമൊരു സമീപനം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല. ആശ്രയ പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് നടപ്പിലാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | സാന്ത്വന പരിചരണം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | പാലിന് ഇൻസെന്റീവ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 500000 | അംഗൻവാടി നിർമ്മാണം | 0 | 500000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1000000 | കറവപ്പശു വിതരണം | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | സാന്ത്വന പരിചരണം | 100000 | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് | 0 | 200000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 300000 | പാലിന് ഇൻസെന്റീവ് | 300000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് സ്ട്രീറ്റ് മെയിൻ മീറ്റർ സ്ഥാപിക്കൽ | ബിൽ നം-266/17-18 തി.23.03.2018 | 377500 | 0 | 377500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | | 2003-04 (മറ്റ് പരാമർശം) | 11.14.117 | പൂർത്തീകരിക്കാത്ത ജലസേചന പദ്ധതി | |
| 2001-02 | | 2003-04 (മറ്റ് പരാമർശം) | 11.14.119 | കല്ലുമ്മൽ-പാറേന്റ മീത്തൽ റോഡ് | |
| 1998-99 | 1 | 2004-05 (പൊതു പരാമർശം) | 11.1.2.1.115 | ബജറ്റിന്റെ കോപ്പി, മിനുട്സ് ബുക്ക് എന്നിവ ഹാജരാക്കിയില്ല | |
| 1998-99 | | 2004-05 | 11.3(1).3.4.116 | നികുതി | |

| | | | | | |
|---|---|---|---|---|---|
| | | (പൊതു പരാമർശം) | | പിരിവിൽ അലംഭാവം | |
| 1999-2000 | | 2004-05 (പൊതു പരാമർശം) | 11.1.3.49.117 | നികുതി പിരിവിൽ അലംഭാവം | |
| 2000-01 | 3.3 | 2005-06 | 2.70.1.9.15.74 | തൊഴിൽ നികുതി രജിസ്റ്റർ കൃത്യമല്ല | 2014-16 ഖ25 എൽ.എഫ്. എ.സി റിപ്പോർട്ട് പ്രകാരം ഒഴിവാക്കാൻ ശുപാർശ ചെയ്തു. |
| 2000-01 | 2-1 | 2005-06 | 2.70.1.11.22.77 | രജിസ്റ്റർ കൃത്യമല്ല | 014-16 ഖ-31 എൽ.എഫ്. എ.സി റിപ്പോർട്ട് പ്രകാരം ഒഴിവാക്കാൻ ശുപാർശ ചെയ്തു. |
| 2000-01 | 2-3 | 2016-17 | 2.70.1.11.22.77 | തൊഴിൽ നികുതി പിരിച്ചിട്ടില്ല | |
| 2015-16 | 2-1 | 2016-17 | അനുബന്ധം – 5.211 | തൊഴിൽ നികുതി അപാകതകൾ | |

## **4-8** ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996 - 97 | 9(1) | ശ്രീ.ഐ നാരായണൻ | എൽ.എഫ്./ 14146/ SP Cell. Sc4/2000/ 20.10.01 | 295 | | - | - | - | | 295 | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 53189736 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 67133245 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 21793 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 452500 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേ |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | 21793 | | ശ്രീമതി.ഷബീല കെ.അസി.എഞ്ചിനീയർ<br>ശ്രീ.അരുൺ സേവ്യർ<br>അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 377500/- | ശ്രീ.ബൈജു ജോസ്.സെക്രട്ടറി നരിപ്പറ്റ ഗ്രാമപഞ്ചായത്ത് |
| 3-11 | 75000/- | ശ്രീ.എം.എം വാസു അസി.സെക്രട്ടറി.നരിപ്പറ്റ ഗ്രാമപഞ്ചായത്ത് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ

പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷബീല കെ.അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് | പിഷാരത്ത് കുന്നോത്ത് പറമ്പ്, ചുള്ളിയോട് റോഡ്, കോഴിക്കോട് |
| ശ്രീ.അരുൺ സേവ്യർ അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, നരിപ്പറ്റ ഗ്രാമപഞ്ചായത്ത് | വേളാങ്കണ്ണിമാത ഹൌസ്.നം- മൂതക്കര, കൊല്ലം |
| ശ്രീ.ബൈജു ജോസ് സെക്രട്ടറി നരിപ്പറ്റ ഗ്രാമപഞ്ചായത്ത് | സെക്രട്ടറി മടവൂർ ഗ്രാമപഞ്ചായത്ത് | നടുപ്പറമ്പിൽ, പുന്നക്കൽ, തിരുവമ്പാടി |
| ശ്രീ.എം.എം വാസു അസി.സെക്രട്ടറി, നരിപ്പറ്റ ഗ്രാമപഞ്ചായത്ത് | അസി.സെക്രട്ടറി നരിപ്പറ്റ ഗ്രാമപഞ്ചായത്ത് | മുതുവാട്ട് മീത്തൽ, പുറമേരി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.കെ.കെ.ഡി.പി6/ 1689(8)/2011തീഃ 18.6.01 | 1(16) |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.പി6/ | 8(5,6,9(1),9(2), |

| | | |
|---|---|---|
| ഡി.സി.ബി | 833(5)/ 01തീ:11.02.2011 | 10,15,19,11) |
| 1996-97 ചെലവ് | എൽ.എഫ്.കെ.കെ.ഡി.പി6/ 833(5)/2010/തി-11-2-2011 | 7(5,6,9(1),9(2), 10,15,19) |
| 1997-98 ചെലവ് | എൽ.എഫ്.കെ.കെ.ഡി.പി6./ 1689(11)/11തീ: 6-12-2011 | 12(14,15,16,18,19, 20,21,24,25, 26,27,28) |
| 1998-99 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി.പി6/ 1689(12)/2011തീ:6-12-2011 | 5(1എ,8,21,22, 24ബി) |
| 1998-99 ചെലവ് | എൽ.എഫ്.കെ.കെ.ഡി.പി6/ 1689(13)/2011തീ: 6-12-2011 | 10(16,19,20,22, 23,24,25,26,28,29) |
| 1999-00 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി പി6/ 1689/ 2011തീ:8-12-2011 | 4(1സി),21, 22(1),22(2)) |
| 1999-00 ചെലവ് | എൽ.എഫ്.കെ.കെ.ഡി/പി6/ 1689(15)/2011തീ:8-12-2011 | 7(8,9,12,13, 14,16,17) |
| 2000-01 വരവ് -ചെലവ് | എൽ.എഫ്.കെ.കെ.ഡി/പി6/ 1689(17)/2011 തീ: 8-12-2011 | 10(2-1,2-3,3-1,3-2, 3-3,3-4,3-5,3-6, 3-7,3-8) |
| 2000-01 പദ്ധതി | എൽ.എഫ്.കെ.കെ.ഡി/പി6/ 1689(17)/11/ തീ:06-12-2011 | 8(3,4,5,6,9, 10,11,12) |
| 2001-02 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി/പി6/ 1689(18)/2011/തീ: 8-12-2011 | 4(2-1,2-2, 3-2,3-3) |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി6/ | 7(3,4(1),4(2), |

| | | |
|---|---|---|
| പദ്ധതി | 1689(19)/11/ തീ:8-12-2011 | 5,7,11,12) |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/എസ്1/ 1133/07തീ: 05.02.08 | 12 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/എസ്1/ 618/08/ തീ:2.9.08 | 11 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.എസ്1/ 619/ 09/തീ:2.9.09 | 13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി6/1820/ 2011/തീ:4-1-2012 | 21(2-1(1),2-1(2),2-2, 2-3,2-4,2-5,3-1, 3-2,3-3,3-4,3-5,3-6, 3-7,3-8,3-9,3-10, 3-11,3-12,3-13(1,2), 3-14,4-1) |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി6/642/ 10/തീ:28-10-2010 | 13(2-4,2-5,2-6, 2-7,3-1,3-2,3-4, 3-5,3-6,3-8,3-9, 3-14,3-15,3-16) |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി6/455/ 11/തീ:5-02-2011 | 23(1-3,2-1,2-3, 2-6,2-7(1), 3-1,3-2,3-4,3-5, 3-6,3-7,3-8,3-9, 3-10,3-11,3-12, 3-13,3-14,3-16(എ), 3-16(ബി),3-17, 4-2,4-6(ബി)) |

| | | |
|---|---|---|
| | | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി6/1648/ 2012/തി-02-04-2013 | 18(2-1,2-2,3-1, 3-2,3-3,3-4,3-5, 3-6,3-7,3-9,3-10, 3-11,3-12,3-13, 3-15,3-16,3-17,4-6) |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി6/815/ 2013/തി-17-07-2013 | 12(2-1(11),2-5, 3-1,3-2,3-5, 3-6,3-7,3-8,3-9, 3-10,3-11,4-2) |
| 2010-11 &11-12 | | |
| 2012-13, 2013-14 | കെ.എസ്.എ/കെ.കെ.ഡി/ പി9/1007/2017 തി-12.10.2017 | 24(2-2,2-3,3-1, 3-2,3-3,3-4, 3-5,3-6,3-7,3-8, 3-9,3-10, 3-11,3-12,3-13, 3-14,3-15, 3-16,3-17,3-18, 3-19,3-20, 3-21,3-22,4-8ബി) |
| 2014-15 | കെ.എസ്.എ/കെ.കെ.ഡി/ പി9/1739/16 തി-25.03.2017 | 18(2-2,3-1,3-4(1), 3-4(2),3-5, 3-7,3-8(1,2,3,4), |

| | | |
|---|---|---|
| | | 3-10,3-11, 3-12,3-13,3-14, 3-15,3-17,3-19) |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി/ പി9/960/ 2017/12-06-2017 | 10(2-1,2-2,2-3,3-1, 3-2,3-3(1,2)4-3, 4-4,4-6) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.കെ.ഡി.പി17/ 256/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ:dokkd.ksad@kerala.gov.in
തീയ്യതി:13.02.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നരിപ്പറ്റ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്